സ്വർണ്ണത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന വിലക്കുറവും വിൽപ്പനമാന്ദ്യവും കണക്കിലെടുത്ത് 5 വർഷം തുടർച്ചായി കോമ്പൗണ്ടിംഗ് സ്കീം സ്വീകരിച്ചവർക്ക് അവരുടെ ഇന്നത്തെ അവസ്ഥയിൽ ചില മാറ്റം വരുത്താൻ, എല്ലാവരുമായി ആലോചിച്ച് കുറച്ച് ഇളവ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

ഈ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കാൻ ഭയമുള്ളതുകൊണ്ടാണ് പ്രതിപക്ഷം ഓടിയൊളിച്ചത്. ബഡ്ജറ്റിൽ വളരെ പ്രയോജനകരമായ കാര്യങ്ങൾ പ്രഖ്യാപിച്ചു അത് പോരായെന്നുപറഞ്ഞപ്പോഴാണ് പുതിയ ഇളവുകൾ ഇന്ന് പ്രഖ്യാപിച്ചത്. പ്രതിപക്ഷത്തിന് മുദ്രാവാക്യം വിളിക്കാൻ മാത്രമേ അറിയാവൂ, ഞങ്ങൾ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കും. ഇവിടെ പാവപ്പെട്ടവർക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളിൽ പങ്കാളികളാകാൻ ഇവർക്ക് താൽപ്പര്യമില്ല അതാണ് ഇന്ന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കണ്ടുകൊണ്ടിരിക്കുന്നത്. എന്റെ പ്രസംഗത്തിന്റെ പൂർണ്ണരൂപം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് നിയമസഭാ ചട്ടം 236(2) താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

VI ചട്ടം 236(2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 'നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബഡ്ജറ്റിന്റെ പൊതുചർച്ചയുടെ അവസാനം ധനാഭ്യർത്ഥനകൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കും റിപ്പോർട്ടിനുംവേണ്ടി അയയ്ക്കപ്പെടുമെന്നും ചട്ടം 236-ന്റെ (2)-ാം ഉപചട്ടപ്രകാരം പൊതുചർച്ച അവസാനിച്ച തീയതി മുതൽ നാലാഴ്ചയിൽ കവിയാത്ത കാലാവധിക്കുള്ളിൽ സബ്ജക്ട് കമ്മിറ്റികൾ എല്ലാ ധനാഭ്യർത്ഥനകളുടെയും സൂക്ഷ്മപരിശോധന പൂർത്തിയാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടനയുടെ വ്യവസ്ഥയനുസരിച്ച് കാലാവധി പൂർത്തിയാക്കി പിരിഞ്ഞുപോകുന്ന സഭ, വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കു വേണ്ടി 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം അടുത്ത നിയമസഭയിൽ രൂപീകരിക്കുന്ന സബ്ജക്ട് കമ്മിറ്റികൾ ബഡ്ജറ്റ് പരിശോധന പൂർത്തിയാക്കുന്നതു വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിലെ ശിപാർശ ഭേദഗതി ചെയ്യുവാനുള്ളപ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

VII സഭാസമ്മേളനം വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): "സഭാസമ്മേളനം സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ 2016 ഫെബ്രുവരി 19, 22 എന്നീ തീയതികളിൽ ചേരുവാൻ നിശ്ചയിച്ചിട്ടുള്ള സഭാസമ്മേളനം ചേരേണ്ടതില്ലെന്നും ഫെബ്രുവരി 22-ന് നിശ്ചയിച്ചിട്ടുള്ള വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും ഫെബ്രുവരി 24-ന് അന്നേദിവസം തീരുമാനിച്ചിട്ടുള്ള മറ്റ് ബിസിനസ്സുകളോടൊപ്പം എടുക്കണമെന്നും കാര്യോപദേശക സമിതിയുടെ 24-ാമത് റിപ്പോർട്ടിലെ ശിപാർശകൾ തദനുസൃതമായി ഭേദഗതി ചെയ്യണമെന്നും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ....., ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും 24-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.57-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly